# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1804/11/12/2023/ TVM**

പരാതികക്ഷി : നീതി,എസ്.പി.നിവാസ്
കുളത്തുമ്മൽ,കാട്ടാക്കട,തിരുവനന്തപുരം
പേരൂർക്കട,തിരുവനന്തപുരം

എതിർകക്ഷി : അജയകുമാർ,മകയിരം, കുളത്തുമ്മൽ,കാട്ടാക്കട,

**ഉത്തരവ് തീയതി 27.01.2024**

പരാതിക്കാരിയുടെ വീട്ടിൽ എതിർകക്ഷി അതിക്രമിച്ച് കയറി പരാതിക്കാരിയെയും മാതാവിനെയും 6 വയസ്സുള്ള മകനെയും കൊലപ്പെടുത്തുവാൻ ശ്രമിച്ച സംഭവത്തിൽ നിയമനടപടി ഉണ്ടാകണമെന്നും മറ്റും കാണിച്ചാണ് ഈ പരാതി നൽകിയിട്ടുള്ളത്.

പരാതി വിഷയത്തിൽ കാട്ടാക്കട ഇൻസ്പെക്ടർ ഓഫ് പോലീസ് ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതി സംഗതിക്ക് പരാതികക്ഷിയുടെ മാതാവായ ശ്രീമതി പത്മജയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 322/23 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും പരാതികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. കട്ടാക്കട പോലീസ് സ്റ്റേഷൻ ക്രൈം 322/23 നമ്പർ കേസിന്റെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കട്ടാക്കട പോലീസ് ഇൻസ്പെക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ. ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

Anithas V.
രജിസ്ട്രാർ